**പതിമൂന്നാം കേരള നിയമസഭ**
**ആറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 2077 | 17.12.2012-ൽ മറുപടിയ്ക്ക്

## സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത മോഷണം, കവർച്ച കേസുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ രാധാകൃഷ്ണൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് എത്ര പിടിച്ചുപറി, മോഷണം, കവർച്ച കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സംസ്ഥാനത്ത് 1145 പിടിച്ചുപറി കേസുകൾ, 6906 മോഷണ കേസുകൾ, 1234 കവർച്ച കേസ്സുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (ബി) എത്ര ആരാധനാലയങ്ങളിൽ മോഷണവും കവർച്ചയും നടന്നിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) ആരാധനാലയങ്ങളിൽ 496 മോഷണവും 2 കവർച്ചയും നടന്നിട്ടുണ്ട്. |
| (സി) എത്ര ഭവനഭേദന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര വീടുകളിൽ മോഷണവും കവർച്ചയും നടന്നിട്ടുണ്ടെന്നും വിശദമാക്കുമോ; | (സി) 4581 ഭവനഭേദന കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. വീടുകളിൽ 2427 മോഷണവും 188 കവർച്ചയും നടന്നിട്ടുണ്ട്. |
| (ഡി) വീടുകളിൽ മോഷണം / കവർച്ച ശ്രമത്തിനിടയിൽ എത്രപേർ കൊല്ലപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ? | (ഡി) വീടുകളിൽ മോഷണം/ കവർച്ച ശ്രമത്തിനിടയിൽ 17 പേർ കൊല്ലപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ